ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സ്വാതന്ത്ര്യദിനത്തെ വരവേൽക്കാനൊരുങ്ങി രാജ്യം. 79-ാമത് സ്വാതന്ത്ര്യ ദിനം ആഘോഷിക്കുമ്പോൾ രാജ്യം ആത്മനിർഭർ ഭാരത് എന്ന പാതയിൽ ആത്മവിശ്വാസത്തോടെ സഞ്ചരിക്കുകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   The nation is all set to celebrate the Independence Day. President Draupadi Murmu said that the country is confidently moving on the path of Atmanirbhar Bharat as it celebrates its 79th Independence Day.

2. സ്വാതന്ത്ര്യദിനമായ നാളെ രാവിലെ ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തും.

   Prime Minister Narendra Modi will hoist the national flag at the Red Fort in New Delhi tomorrow morning on Independence Day.

3. സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി കേരളത്തിലും വിപുലമായ ആഘോഷപരിപാടികൾ. മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ദേശീയ പതാക ഉയർത്തും.

Independence Day Celebrations started in Kerala as well. Chief Minister Pinarayi Vijayan will hoist the national flag at the Thiruvananthapuram Central Stadium.

4. ഇന്ത്യയ്ക്കെതിരെ പാകിസ്ഥാൻ നടത്തുന്ന വിദ്വേഷ പരാമർശങ്ങൾക്ക് ശക്തമായ താക്കീത് നൽകി ഇന്ത്യ.

India has hit out at Pakistan for the hate speech against India.

5. അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിലുള്ള നറുക്കെടുപ്പ് പൂർത്തിയായി; കേരളത്തിൽ നിന്ന് 8530 പേർക്ക് അവസരം.

The draw for next year's Hajj pilgrimage has been completed; 8530 people from Kerala have been selected.

6. ജമ്മു കശ്മീരിലെ കിഷ്ത്വാർ ജില്ലയിൽ പദ്ദാർ മേഖലയിലെ മേഘവിസ്ഫോടനത്തിൽ 10 പേർ മരിച്ചു.

10 people died in a cloudburst in the Kishtwar district of Jammu and Kashmir.

*************************************************************

## PRESIDENT ADDRESS

സ്വാതന്ത്ര്യദിനത്തെ വരവേൽക്കാനൊരുങ്ങി രാജ്യം. 79 ആം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുമ്പോൾ രാജ്യം ആത്മനിർബർ ഭാരത് എന്ന പാതയിൽ ആത്മവിശ്വാസത്തോടെ സഞ്ചരിക്കുകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി രാഷ്ട്രത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

(വോയിസ്)

ലോകം ഡിജിറ്റൽ യുഗത്തിലൂടെ സഞ്ചരിക്കുമ്പോൾ ഈ മേഖലയിൽ ഇന്ത്യ വലിയ മുന്നേറ്റം നടത്തിയതായി രാഷ്ട്രപതി

പറഞ്ഞു. എല്ലാ വിഭാഗം ജനങ്ങളെയും ഒന്നിച്ചു കൊണ്ടുപോകാനും എല്ലാരുടെയും വികസനം ഉറപ്പുവരുത്താനും സാധിച്ചു. ഭീകരവാദത്തോട് ഇന്ത്യയുടെ സന്ധിയില്ലാ നയം ഓപ്പറേഷൻ സിന്ദൂരിലൂടെ ലോകം മുഴുവൻ കണ്ടെന്നും രാഷ്ട്രപതി വ്യക്തമാക്കി. രാജ്യം സ്വാതന്ത്ര്യത്തിന്റെ അമൃത്കാലത്തിലൂടെയാണ് സഞ്ചരിക്കുന്നത്. ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയായി ഇന്ത്യ മാറുകയാണെന്നും രാഷ്ട്രപതി പറഞ്ഞു.

************************************************************************

## PM – I DAY

സ്വാതന്ത്ര്യദിനമായ നാളെ രാവിലെ ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തും. തുടർന്ന് അദ്ദേഹം രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം മുൻനിർത്തി, നവ ഭാരതം എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ. ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിനും ആഘോഷ പരിപാടികളിൽ പ്രത്യേക പ്രാധാന്യം നൽകും. സംസ്ഥാനങ്ങളിൽ നിന്നുള്ള 210 പഞ്ചായത്തു തല പ്രതിനിധികൾ ന്യൂഡൽഹിയിലെ സ്വാതന്ത്ര്യദിനാഘോഷത്തിൽ ഇക്കുറി പ്രത്യേക അതിഥികളാകും. വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് രാജ്യത്ത് ഒരുക്കിയിട്ടുള്ളത്.

************************************************************************

## KERALA – I DAY

കേരളത്തിലും സ്വാതന്ത്ര്യദിനത്തിൻറെ ഭാഗമായി വിപുലമായ ആഘോഷപരിപാടികളാണ് നടക്കുന്നത്. രാജ്യപുരോഗതിയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കണമെന്ന് സ്വാതന്ത്രദിന സന്ദേശത്തിൽ ജനങ്ങളോട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആഹ്വാനം ചെയ്തു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നാളെ

രാവിലെ 9 ന് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. വിവിധ സേനാ വിഭാഗങ്ങൾ പങ്കെടുക്കുന്ന പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിക്കും. തുടർന്ന് അദ്ദേഹം സ്വാതന്ത്ര്യദിന സന്ദേശം നൽകും. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ, ഫയർ സർവ്വീസ് മെഡലുകൾ, കറക്ഷനൽ സർവ്വീസ് മെഡലുകൾ, ജീവൻ രക്ഷാപതക്കങ്ങൾ എന്നിവ മുഖ്യമന്ത്രി ചടങ്ങിൽ സമ്മാനിക്കും. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നാളെ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തും. ആഘോഷങ്ങളിലൂടനീളം ഇക്കുറി ഹരിത പ്രോട്ടോക്കോൾ പാലിക്കാൻ നിർദേശമുണ്ട്.

****************************************************************

## KIRAN RIJIJU (INTRO)

പ്രധാനമന്ത്രി വികാസ് പദ്ധതി പ്രകാരം പരിശീലനം നേടിയ സിഖ് യുവാക്കൾ നാളെ ചുവപ്പ്കോട്ടയിൽ സ്വാതന്ത്ര്യദിന ചടങ്ങിൽ വിശിഷ്ടാതിഥികളിൽ പങ്കെടുക്കുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. സ്വാതന്ത്ര്യദിന ചടങ്ങിലേക്ക് യുവാക്കളെ പ്രത്യേക അതിഥികളായി അയയ്ക്കുന്നത് ഇതാദ്യമാണെന്ന് അദ്ദേഹം പറഞ്ഞു. 31,000 ത്തിലധികം യുവാക്കൾക്ക് പരിശീലനം നൽകിയ ഡൽഹി സിഖ് ഗുരുദ്വാര മാനേജ്മെന്റ് കമ്മിറ്റിയെ ശ്രീ.റിജിജു അഭിനന്ദിച്ചു.

(വോയിസ്)

****************************************************************

## RED FORT- SPECIAL GUEST

സ്വാതന്ത്ര്യദിന ചടങ്ങിൽ പങ്കെടുക്കാൻ എസ്.സി- എസ്.ടി വിഭാഗത്തിൽ നിന്നുള്ള എൻ.എസ്.എസ്.എച്ച് പദ്ധതിയിലെ നൂറ് ഗുണഭോക്താക്കളെ പ്രത്യേക അതിഥികളായി ക്ഷണിച്ച് സർക്കാർ. ആറ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും ആറ് കേന്ദ്രഭരണ

പ്രദേശങ്ങളിൽ നിന്നുമുള്ള ഗുണഭോക്താക്കളാണ് പങ്കെടുക്കുന്നത്. 2016 ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് എൻ.എസ്.എസ്.എച്ച് പദ്ധതി ആരംഭിച്ചത്.

***********************************************************

## RAJNATH SINGH-STUDENTS INTERACTION

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ നിന്നുള്ള ഹയർ സെക്കൻഡറി ഗോത്ര വിദ്യാർത്ഥികളുമായി സംവദിച്ചു. എല്ലാ വെല്ലുവിളികളെയും ആത്മവിശ്വാസത്തോടെയും ഭയമില്ലാതെയും നേരിടാനും ഇന്ത്യയെ ഏറ്റവും ശക്തമായ രാജ്യങ്ങളിലൊന്നാക്കി മാറ്റുന്നതിന് സംഭാവന നൽകാനും രാജ് നാഥ് സിംഗ് വിദ്യാർഥികളോട് ആവശ്യപ്പെട്ടു. ആൻഡമാൻ നിക്കോബാർ കമാൻഡ് സംഘടിപ്പിക്കുന്ന ഏഴ് ദിവസത്തെ പര്യടനമായ ആരോഹൺ: ദ്വീപ് ടു ഡൽഹിയുടെ ഭാഗമായാണ് സംവാദം സംഘടിപ്പിച്ചത്. നാളെ ചുവപ്പുകോട്ടയിൽ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ വിദ്യാർത്ഥികൾ പങ്കെടുക്കും.

***********************************************************

## INDEPENDENCE DAY MEDALS

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചുള്ള പോലീസ്, ഫയർ, ഹോം ഗാർഡ്, സിവിൽ ഡിഫൻസ്, കറക്ഷണൽ സേവന മെഡലുകൾക്ക് 1,090 പേർ അർഹരായി . 233 പേർക്ക് ധീരതയ്ക്കുള്ള മെഡലും, 99 പേർക്ക് വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡലും 758 പേർക്ക് സ്തുത്യർഹ സേവനത്തിനുള്ള മെഡലും ലഭിച്ചു . കേരളത്തിൽ നിന്നും എസ്.പി അജിത് വിജയൻ വിശിഷ്ട സേവനത്തിനുള്ള പോലീസ് മെഡൽ നേടി. സ്തുത്യർഹ സേവനത്തിനുള്ള പോലീസ് മെഡലുകൾക്ക് സംസ്ഥാനത്ത് നിന്നുള്ള 10 ഉദ്യോഗസ്ഥർ അർഹരായി.

***********************************************************

## HAR GHAR TIRANGA

സ്വാതന്ത്ര്യദിനാഘോഷങ്ങളോട് അനുബന്ധിച്ച് രാജ്യവ്യാപകമായി നടക്കുന്ന ഹർഘർ തിരംഗ പ്രചാരണ പരിപാടിക്ക് മികച്ച പ്രതികരണം. കേന്ദ്രമന്ത്രിമാർ ഉൾപ്പെടെയുള്ള പ്രമുഖർ വീടുകളിൽ ദേശീയ പതാക ഉയർത്തി കാമ്പയിൻറെ ഭാഗമായി. ഹർഘർ തിരംഗയുടെ ഭാഗമായി റെയിൽവേ സുരക്ഷാ സേന തിരുവനന്തപുരത്ത് സംഘടിപ്പിച്ച ബൈക്ക് റാലിയിൽ നാൽപതിലേറെ ജീവനക്കാർ അണി നിരന്നു.

***********************************************************

## JK-TIRANGA YATRA

ഹർ ഘർ തിരംഗ പ്രചരണത്തിന്റെ ഭാഗമായി ജമ്മു കാശ്മീരിലെ വിവിധ ജില്ലാ ഭരണകൂടങ്ങൾ തിരംഗ യാത്ര സംഘടിപ്പിച്ചു. കനത്ത മഴയെ അവഗണിച്ച് നിരവധി പേരാണ് ത്രിവർണ്ണ പതാകയേന്തി റാലിയിൽ പങ്കെടുത്തത്. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ പാലമായ റിയാസി ജില്ലയിലെ ചെനാബ് പാലത്തിലും തിരംഗ റാലി സംഘടിപ്പിച്ചു.

***********************************************************

## HAJJ

ഈ വർഷത്തെ ഹജ്ജ് യാത്രക്ക് അർഹരായവരെ തിരഞ്ഞടുക്കുന്നതിനുള്ള നറുക്കെടുപ്പ് മുംബൈയിലെ കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസിൽ നടന്നു. കേരളത്തിൽ നിന്ന് 8,530 പേർക്ക് അവസരമുണ്ട്. 65 വയസ്സോ അതിന് മുകളിലോ പ്രായമായവരുടെ വിഭാഗത്തിൽ അപേക്ഷ സമർപ്പിച്ച എല്ലാവരെയും തിരഞ്ഞെടുത്തു.

***********************************************************

## MEA (INTRO)

ഇന്ത്യയ്ക്കെതിരെ പാകിസ്ഥാൻ നടത്തുന്ന വിദ്വേഷ പരാമർശങ്ങൾക്ക് ശക്തമായ താക്കീത് നൽകി ഇന്ത്യ. സ്വന്തം പരാജയങ്ങൾ മറച്ചുവെക്കാൻ ഇന്ത്യക്കെതിരെ നടത്തുന്ന കുപ്രചരണങ്ങൾ നിർത്തിയില്ലെങ്കിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

( വോയിസ് )

അയർലണ്ടിൽ ഇന്ത്യൻ പൗരന്മാർക്കെതിരെ ഉണ്ടായ അക്രമസംഭവങ്ങൾ സംബന്ധിച്ച് ഐറിഷ് അധികൃതരോട് ആശങ്ക ഉന്നയിച്ചിട്ടുണ്ടെന്നും വിദേശകാര്യ വക്താവ് അറിയിച്ചു. സംഭവത്തെ അയർലണ്ട് പ്രസിഡന്റും ഉപപ്രധാനമന്ത്രിയും അപലപിച്ചിരുന്നു.

*************************************************************

## KISHTWAR-CLOUDBURST

ജമ്മു കശ്മീരിലെ കിഷ്ത്വാർ ജില്ലയിൽ പദ്ദാർ മേഖലയിലെ മേഘവിസ്ഫോടനത്തിൽ 10 പേർ മരിച്ചു. ചോസിതി ഗ്രാമത്തിലാണ് മേഘവിസ്ഫോടനമുണ്ടായത്. ആഭ്യന്തരമന്ത്രി അമിത് ഷാ, ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയുമായും മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുമായും സംസാരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. സ്ഥലത്ത് എൻ.ഡി.ആർ.എഫ് , എസ്.ഡി.ആർ.എഫ് സംഘങ്ങളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്.

*************************************************************

## BIHAR– SC

ബിഹാർ കരട് വോട്ടർ പട്ടികയിൽ നിന്നും ഒഴിവാക്കിയ വോട്ടർമാരുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷന് നിർദ്ദേശം നൽകി സുപ്രീം കോടതി. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി നീക്കം ചെയ്ത 65 ലക്ഷം വോട്ടർമാരുടെ വിവരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കാനാണ് കോടതി ഇടക്കാല ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നത്. ഒഴിവാക്കാനുള്ള കാരണവും വ്യക്തമാക്കണമെന്ന് ജസ്റ്റിസുമാരായ സൂര്യകാന്ത്, ജയ്മാല്യ ബാഗ്ചി എന്നിവർ ഉൾപ്പെട്ട രണ്ടംഗ ബഞ്ച് ഉത്തരവിൽ വ്യക്തമാക്കി.

*****************************************************

## RAIN –KERALA

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയായിരിക്കും. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. വൃഷ്ടിപ്രദേശത്ത് മഴ തുടരുന്ന സാഹചര്യത്തിൽ പത്തനംതിട്ട മൂഴിയാർ ഡാമിന്റെ മൂന്നു ഷട്ടറുകളിൽ രണ്ടാമത്തെ ഷട്ടർ 10 സെന്റീമീറ്റർ ഉയർത്തി ജലം പുറത്തേക്ക് ഒഴുക്കി തുടങ്ങി. ഇതുമൂലം ആങ്ങമൂഴി, സീതത്തോട് തുടങ്ങിയ സ്ഥലങ്ങളിൽ നദിയുടെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്നും ജില്ലാകളക്ടർ അറിയിച്ചു

*****************************************************

*****************************************************************************